പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3333 08-11-2019-ലെ മറുപടിയ്ക്ക്

**പ്രളയത്തിൽ ബാലുശ്ശേരി മണ്ഡലത്തിലെ കാർഷിക മേഖലയിൽ ഉണ്ടായ നാശനഷ്ടങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | 2019 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ ബാലുശ്ശേരി മണ്ഡലത്തിലെ കാർഷിക മേഖലയിൽ ഉണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| വിള | എണ്ണം/വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| തെങ്ങ്(കായ് ഫലമുള്ളത്) | 238 |
| തെങ്ങ്(കായ് ഫലമില്ലാത്തത്) | 35 |
| വാഴ (കുലച്ചത്) | 7172 |
| വാഴ (കുലക്കാത്തത്) | 4848 |
| കമുക് (കായ് ഫലമുള്ളത്) | 537 |
| കമുക് (കായ് ഫലമില്ലാത്തത്) | 164 |
| കൊക്കോ | 170 |
| റബർ (ടാപ്പിംഗ്) | 608 |
| റബർ (ടാപ്പിംഗ് ആരംഭിക്കാത്തത്) | 101 |
| ജാതി | 48 |
| കശുമാവ് | 8 |
| കുരുമുളക് | 190 |
| മരിച്ചീനി | 1179 |
| പച്ചക്കറി | 220 |
| നെല്ല് | 55 |
| കിഴങ്ങ് വർഗ്ഗങ്ങൾ | 45 |
| ഇഞ്ചി | 10 |
| കാപ്പി | 21 |

| | | | |
|---|---|---|---|
| (ബി) | പ്രധാനമായും ഏതൊക്കെ വിളകൾക്കാണ് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | തെങ്ങ്, വാഴ, കമുക്, മരച്ചീനി, റബ്ബർ, കാപ്പി, കുരുമുളക്, കിഴങ്ങ്, ജാതി, കശുമാവ്, കൊക്കോ, ഇഞ്ചി, നെല്ല്, പച്ചക്കറി എന്നീ വിളകൾക്കാണ് പ്രധാനമായും കൃഷിനാശം സംഭവിച്ചത്. |
| (സി) | കൃഷിയെ മാത്രം ആശ്രയിച്ച് ജീവിതം നയിക്കുന്ന കർഷകർക്ക് സംഭവിച്ച നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും മുഖേന നടപ്പിലാക്കുന്നതിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റിവ് പദ്ധതിയിൽ ഉൾപ്പെടുത്തി 965.394 കോടി രൂപയുടെ 35 പദ്ധതികൾ റീ ബിൽഡ് കേരള ഇനിഷ്യേറ്റിവിന് സമർപ്പിച്ചിട്ടുണ്ട്. 2020-21 വാർഷിക പദ്ധതിയിൽ പുനർജ്ജനി-പുനരുജ്ജീവ പാക്കേജ് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ